"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത് ഓഫീസിലെ എൽ ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി പ്രിൻസി.ടി.എസ്- ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.956/2024/LSGD തീയതി,തിരുവനന്തപുരം, 01-06-2024

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 10.05.2023ലെ ഇ2-40/2005(1) നമ്പർ നടപടിക്രമം
2. തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ08.09.2023ലെ LSGD/JD/TSR/1406/2023-A6 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.04..2024ലെ LSGD/PD/65407/2023-DEC4 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ (നിലവിൽ കൈപ്പമംഗലം ഗ്രാമ പഞ്ചായത്തിൽ) എൽ.ഡി ക്ലർക്ക് / ബിൽകളക്ടർ തസ്തികയിൽ 26/05/2011 ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി പ്രിൻസി. ടി. എസ്- ന്റെ സർവ്വീസ് പരാമർശം (1) പ്രകാരം ക്രമവൽക്കരിച്ചിട്ടുള്ളതും ടിയാൾ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് 26/06/2013 മുതൽ 25/06/2014 വരെ ഒരു വർഷത്തേയ്ക്ക് പരാമർശം (2) പ്രകാരം ദീർഘിപ്പിച്ചിരുന്നെന്നും ടിയാൾ 11/05/2019 ൽ നടന്ന എം. ഒ.പി പരീക്ഷ പാസ്സായിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി. പ്രിൻസി.ടി.എസ് -ന്റെ എൽ. ഡി ക്ലാർക്ക് /ബിൽ കളക്ടർ തസ്തികയിലെ പ്രൊബേഷൻ എം.ഒ.പി പരീക്ഷ വിജയിച്ച 11/05/2019 തീയതിയുടെ തൊട്ടടുത്ത ദിവസമായ 12/05/2019 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് 26/06/2014 മുതൽ 13/05/2019 വരെ ദീർഘിപ്പിച്ചു നൽകുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയും അനുബന്ധ രേഖകളും അനുകൂല ശുപാർശ സഹിതം പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 11/05/2019 ൽ എം.ഒ.പി പരീക്ഷ പാസ്സായ തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത് ഓഫീസിലെ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി പ്രിൻസി.ടി.എസ്- ന്റെ പ്രൊബേഷൻ 12.05.2019 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ്, KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി

26.06.2014 മുതൽ 13.05.2019 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സോമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2.ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി, കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീമതി.പ്രിൻസി ടി എസ് , ക്ലർക്ക് , കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ആഡിറ്റ്) കേരള, തിരുവനന്തപുരം, തൃശ്ശൂർ

6.ഡയറക്ടർ, ഐ കെ എം

7. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8. കരുതൽ ഫയൽ (ഫയൽ നം.78/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 06-06-2024 11:20:26